LIBRARY ARCHIVES Kerala Legislative Assembly

കരകുളം ഗവൺമെന്റ് എച്ച്.എസ്.എസ്-ലെ എച്ച്.എസ്.എസ്. റ്റി. മലയാളം (സീനിയർ) തസ്തിക ഒഴിവ്

64 (1085) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കരകുളം ഗവൺമെന്റ് എച്ച്.എസ്.എസ്.-ലെ എച്ച്.എസ്.എസ്.റ്റി. മലയാളം (സീനിയർ) തസ്തിക നിലവിൽ ഒഴിഞ്ഞുകിടക്കുകയാണോ ;

(ബി) പ്രസ്തുത തസ്തികയിലേക്ക് സ്ഥലം മാറ്റം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ; ഇത് ഏതെല്ലാം ജില്ലകളിൽ നിന്നാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തസ്തികയിലേക്ക് സ്ഥലം മാറ്റം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ മുൻഗണനാക്രമത്തിൽ വിശദമാക്കുമോ ?

ഉത്തരം

(എ&ബി) ഒഴിഞ്ഞുകിടക്കുന്ന. ടി ഒഴിവിലേയ്ക്ക് നിയമനത്തിനായി പാലക്കാട്, എറണാകുളം, കോട്ടയം, ആലപ്പുഴ ജില്ലകളിൽ നിന്നായി 4 അപേക്ഷകളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഒരപേക്ഷയും ലഭിച്ചിട്ടുണ്ട്.

(സി) 27-5-2015 സ.ഉ.(പി) നമ്പർ 143/2015 പൊ.വി.വ എന്ന ഉത്തരവ് പ്രകാരമാണ് സ്ഥലംമാറ്റം നടത്തുന്നത്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു)*.

എയ്ഡഡ് വിദ്യാലയങ്ങൾ

65 (1086) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു. റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് വിദ്യാലയങ്ങൾ എയ്ഡഡ് വിദ്യാലയങ്ങളാക്കി മാറ്റി ;

(ബി) ജില്ലതിരിച്ച് വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(സി) അതിനുവേണ്ടി സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അഞ്ച് അൺഎയ്ഡഡ് സ്പെഷ്യൽ സ്കൂളുകൾക്കും (അന്ധർ/ബധിരർ) മൂന്ന് എയ്ഡഡ് സ്പെഷ്യൽ സ്കൂളുകളിലെ അൺഎയ്ഡഡ് ഹൈസ്കൂൾ വിഭാഗത്തിനും മൂന്ന് എയ്ഡഡ് ഹൈസ്കൂളിലെ അൺഎയ്ഡഡ് ഹയർസെക്കന്ററി വിഭാഗത്തിനും എയ്ഡഡ് പദവി അനുവദിച്ചിട്ടുണ്ട്. അപ്രകാരം 11 സ്കൂളുകൾക്കാണ് എയ്ഡഡ് പദവി നൽകിയിട്ടുള്ളത്.

(ബി) പത്തനംതിട്ട, കോട്ടയം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ 1 വീതവും മലപ്പുറം ജില്ലയിൽ നാലും എറണാകുളം ജില്ലയിൽ മൂന്നും അൺഎയ്ഡഡ് വിദ്യാലയങ്ങളെയാണ് എയ്ഡഡ് വിദ്യാലയങ്ങളാക്കി മാറ്റിയത്.

(സി) പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടാണ് മേൽ 11 സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുള്ളത്.

അടൂർ വിദ്യാഭ്യാസ ജില്ലാ രൂപീകരണം

66 (1088) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടൂർ വിദ്യാഭ്യാസ ജില്ല രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ; അടൂർ വിദ്യാഭ്യാസ ജില്ലാ രൂപീകരണത്തിനുള്ള കാലവിളംബത്തിന്റെ കാരണം വിശദമാക്കുമോ ;

(ബി) അദ്ധ്യാപകരുടെയും/പൊതുജനങ്ങളുടെയും നിരന്തര ആവശ്യമായ പ്രസ്തുത വിദ്യാഭ്യാസ ജില്ലാ രൂപീകരണം സമയബന്ധിതമായി പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കുന്നത് സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിലേയ്ക്ക് അയച്ചതനു പ്രൊപ്പോസൽ ശിപാർശ ചെയ്ത് ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. എന്നാൽ ടി ശിപാർശ ധനകാര്യവകുപ്പ് അംഗീകരിക്കുകയുണ്ടായില്ല. ധനകാര്യവകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, അടൂർ വിദ്യാഭ്യാസ ജില്ല അനുവദിക്കേണ്ടതില്ല എന്ന് തീരുമാനമെടുത്തിട്ടുണ്ട്. ഹെഡ്മാസ്റ്റർമാർക്ക് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് അധികാരം നൽകിയിട്ടുള്ളതിനാലും ശമ്പള ബില്ലുകൾ SPARK മുഖേന ചെയ്യുന്നതിനാലും വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി ജോലിഭാരം കുടുതൽ ലഘൂകരിച്ചിട്ടുള്ളതിനാലും അടൂർ കേന്ദ്രമായി പുതിയ ഒരു വിദ്യാഭ്യാസ ജില്ലയ്ക്ക് പ്രസക്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly